# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം

നമ്പർ : 4553. 28..6..2013-ൽ മറുപടിക്ക്

## അസോള കൃഷിക്ക് ധനസഹായം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ബെന്നി ബെഹനാൻ:<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:<br>ശ്രീ. എം.എ. വാഹീദ്:<br>ശ്രീ. കെ. ശിവദാസൻ നായർ: | ശ്രീ. കെ.സി. ജോസഫ്.<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| (എ) തീറ്റപ്പുൽ കൃഷി ചെയ്യുന്ന ക്ഷീരകർഷകർക്ക് അസോള കൃഷിക്ക് ധനസഹായം നല്കാൻ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ക്ഷീരവികസനവകുപ്പ് നടപ്പാക്കുന്ന തീറ്റപ്പുൽ കൃഷി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ക്ഷീരകർഷകർക്ക് അസോള കൃഷി ചെയ്യുന്നതിന് ധനസഹായം അനുവദിക്കുന്നുണ്ട്. ഒരു യൂണിറ്റിന് 500/- രൂപ നിരക്കിലാണ് ഇതിനായി ധനസഹായം അനുവദിക്കുന്നത്. |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;<br>(സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്; വിശദമാക്കുമോ; | (ബി) & (സി) പശുവളർത്തൽ ലാഭകരമാക്കുന്നതിനായി തീറ്റച്ചെലവ് കുറയ്ക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് അസോള കൃഷിയ്ക്കായി കർഷകർക്ക് ധനസഹായം അനുവദിക്കുന്നത്. അസോള കൃഷിക്കാവശ്യമായ അസോള കിറ്റ്, നാച്ചുറൽ റിസോഴ്സ് സൊസൈറ്റി/ചാരിറ്റബിൾ സ്ഥാപനങ്ങൾ/അംഗീകൃത ക്ഷീരസഹകരണ സംഘങ്ങൾ/ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റി എന്നിങ്ങനെയുള്ള സ്ഥാപനങ്ങളിൽ നിന്നുമാണ് ലഭ്യമാക്കുന്നത്. |
| (ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) നടപ്പു സാമ്പത്തിക വർഷത്തേക്ക് തീറ്റപ്പുൽ കൃഷി വികസന പദ്ധതിക്കായി അനുവദിച്ച ബഡ്ജറ്റ് വിഹിതം 7 കോടി രൂപയാണ്. ടി തുകയുള്ള സ്കീം പ്രൊപ്പോസലിൽ 5000 പേർക്ക് പ്രയോജനം ലഭിക്കത്തക്കവിധം 25 ലക്ഷം രൂപ അസോളകൃഷിക്കായി ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.